**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 284      11.06.2012 -ൽ മറുപടിയ്ക്ക്**

**<u>തടിയന്റവിട ഷമീം രക്ഷപ്പെട്ടു എന്ന വാർത്ത</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എസ്. രാജേന്ദ്രൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കപ്പെട്ട തടിയന്റവിട ഷമീം എന്നയാൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി രക്ഷപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വാർത്ത ശരിയാണോ ; വ്യക്തമാക്കാമോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തടിയന്റവിട ഷെമീം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി ഷാർജയിലേക്ക് IX-411 എന്ന ഫ്ലൈറ്റിൽ 23.12.2011 -ൽ പോയതായി അറിയുന്നു. തടിയന്റവിട ഷെമീമിനെതിരെ LOC നിലവിലിരിക്കെ 20.12.2011 തീയതിയിൽ എസ്.ഐ.സി. ന്യൂഡൽഹിയിലെ സെൻട്രൽ സെർവറിൽ നിന്നും എൽ.ഒ.സി. ഡാറ്റാ പുഷിംഗിന്റെ സമയത്ത് കൊച്ചിൻ എയർപോർട്ട് എമിഗ്രേഷനിലെ, തടിയന്റവിട ഷെമീമിന്റെ എൽ.ഒ.സി ഉൾപ്പെടെ 432 ലോക്കൽ എൽ. ഒ. സി. നഷ്ടപ്പെട്ടു. പ്രസ്തുത എൽ. ഒ. സി. 26.12.2011 തീയതിയാണ് വീണ്ടും സെൻട്രൽ സെർവറിൽ നിന്നും തിരികെ ലഭിച്ചത്. ഈ കാലയളവിലാണ് തടിയന്റവിട ഷെമീം കൊച്ചിൻ എയർപോർട്ട് എമിഗ്രേഷൻ വഴി രക്ഷപ്പെട്ടത്. |
| ബി) ഈ സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ? | ബി) തടിയന്റവിട ഷെമീമിനെതിരെ എൽ. ഒ. സി. ഇപ്പോഴും നിലവിലുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണവും നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ